**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **06-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച എം. ഡി.ക്കുള്ള അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മികച്ച മാനേജിങ് ഡയറക്ടർക്ക് അവാർഡ് നൽകുന്നുണ്ടോ; എങ്കിൽ ഇത് നൽകാനുള്ള മാനദണ്ഡങ്ങളും ഘടകങ്ങളും എന്താണെന്ന് വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയെല്ലാമാണ് ഓരോ വർഷവും മികച്ച എം. ഡി. യായി തിരഞ്ഞെടുത്തതെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കൈവരിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും മാനേജിംഗ് ഡയറക്ടർക്കും വ്യവസായ വകുപ്പ് അവാർഡുകൾ നൽകിവരുന്നുണ്ട്.<br><br>മാനേജിംഗ് ഡയറക്ടർക്കുള്ള അവാർഡ് നൽകുന്നതിനായി പരിഗണിക്കുന്ന പ്രധാന മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്;<br><br>• ചുമതല വഹിക്കുന്ന സ്ഥാപനത്തിന്റെ അവാർഡിന് പരിഗണിക്കുന്ന സാമ്പത്തിക വർഷത്തെ വിറ്റുവരവിലെ വർദ്ധനവ്<br>• ലാഭത്തിലെ വർദ്ധനവ് / നഷ്ടത്തിലുണ്ടായ കുറവ്<br>• പുതിയ ഉൽപ്പന്ന വികസനം / പുതിയ വിപണി / വെണ്ടർ ഡെവലപ്മെന്റ്<br>• മാനവവിഭവശേഷി ഒപ്റ്റിമൈസേഷൻ<br>• ഊർജ്ജ കാര്യക്ഷമത<br>• ചെലവ് നിയന്ത്രണ രീതികൾ<br><br>വ്യവസായ വകുപ്പിന് പുറത്തു നിന്നുള്ള വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതിയാണ് അവാർഡ് നിർണ്ണയം നടത്തി അർഹരായവരെ തെരഞ്ഞെടുക്കുന്നത്.<br><br>ഇതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച മാനേജിങ് ഡയറക്ടറുടെ അവാർഡ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീ.ഹരികുമാർ കെ -യ്ക്കും, കേരള സിറാമിക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായിരുന്ന ശ്രീ.സതീഷ് കുമാർ പി -യ്ക്കും ആണ് നൽകിയത്. അതിന് ശേഷം 2024-25 സാമ്പത്തിക വർഷത്തെ മികച്ച മാനേജിങ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറുടെ അവാർഡ് സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറായ കമാൻഡർ (Retd) സുരേഷ് പുല്ലാനിക്കാട്ടിനും കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ആയ ഡോ. പ്രതീഷ്. ജി. പണിക്കർക്കും ആണ് നൽകിയത്. |
| (ബി) | സംസ്ഥാന കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ മികച്ച എം. ഡി.യായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തി ഏത് വർഷം മുതലാണ് ടി സ്ഥാപനത്തിന്റെ എം. ഡി.യായി ചുമതലയേറ്റത്; മുൻപ് ഇദ്ദേഹം ഏതെല്ലാം സ്ഥാപനങ്ങളുടെ എം. ഡി.യായി ജോലി ചെയ്തിട്ടുണ്ട്; ഇദ്ദേഹത്തിന് കയർ മേഖലയിൽ എത്ര വർഷത്തെ പ്രവൃത്തി പരിചയമുണ്ട്; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഡോ. പ്രതീഷ് ജി പണിക്കർ 2017-ൽ കയർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുകയും 2023 മുതൽ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവ്വഹിച്ചു വരികയും ചെയ്യുന്നു. മുൻപ് ഇദ്ദേഹം മറ്റു സ്ഥാപനങ്ങളിലൊന്നും എം. ഡി.യായി സേവനമനുഷ്ഠിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം എം. ഡി. ഇല്ലാതായിട്ട് എത്ര വർഷമായി; നിലവിലുള്ള എം. ഡി.യെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത സ്ഥാപനത്തിൽ രണ്ട് വർഷമായി മാനേജിംഗ് ഡയറക്ടറുടെ ചുമതലയിലാണ് നിലവിലുള്ള ഉദ്യോഗസ്ഥൻ സേവനമനുഷ്ഠിക്കുന്നത്. മാനേജിംഗ് ഡയറക്ടറെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ